(സി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് ;

(ഡി) പുതുതായി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) ഈ വർഷം പദ്ധതിചെലവ് എത്ര ശതമാനം കൈവരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) രൂപംനൽകിയിട്ടുണ്ട്. 2011-12 വാർഷിക പദ്ധതിയുടെ അടങ്കൽ 11030 കോടി രൂപയാണ്. പ്രസ്തുത കരട് വാർഷിക പദ്ധതി അംഗീകരിച്ചു കൊണ്ടു പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ബി) 10.02 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(സി) കാർഷിക മേഖല, പശ്ചാത്തല മേഖല, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

(ഡി) 2011-12-ലെ വാർഷിക ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പ്രസ്തുതവിവരം ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

(ഇ) 2010 ഡിസംബർ 31-വരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയതിൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനത്തിൽ 43% പുരോഗതി കൈവരിച്ചതായി കാണുന്നു. മുൻവർഷം (2009-10 സാമ്പത്തികവർഷം) ഇതേ കാലയളവിൽ കൈവരിച്ചതിനേക്കാൾ (41%) മെച്ചപ്പെട്ട പുരോഗതി കൈവരിക്കാനായിട്ടുള്ളതായി വിലയിരുത്തുന്നു.

(എഫ്) പദ്ധതി നടത്തിപ്പിലെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പ് കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻവേണ്ട നടപടികൾ എന്നിവ മാസംതോറുമുള്ള ചീഫ് സെക്രട്ടറിയുടെ യോഗങ്ങളിലൂടെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ മുൻവർഷത്തേക്കാൾ മെച്ചപ്പെട്ട പുരോഗതി നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവാസി കേരളീയ ക്ഷേമനിധി പദ്ധതി

21 (*22) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രവാസി കേരളീയ ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര പ്രവാസികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട് ;

(സി) എല്ലാ പ്രവാസികളേയും ക്ഷേമനിധിയിൽ ചേർക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ക്ഷേമനിധി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ ;

(ഡി) ക്ഷേമനിധി സംബന്ധിച്ച് വിദേശ രാജ്യങ്ങളിലെ പ്രവാസികളെ ബോധവൽക്കരിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ&ബി) പ്രവാസി കേരളീയരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള പ്രവാസി കേരളീയ ക്ഷേമനിധിയുടെ പ്രവർത്തന ഉദ്ഘാടനം 28-2-2009-ൽ തൃശ്ശൂരിൽവച്ച് ബഹു: മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിർവ്വഹിക്കുകയും 12-3-2009 മുതൽ തിരുവനന്തപുരത്ത് കവടിയാറിൽ ക്ഷേമനിധിയുടെ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വത്തിനായി 62,400 പേർ 24-1-2011-വരെ അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 27,000 അപേക്ഷകരെ അംഗങ്ങളാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളുടെ ഡേറ്റാ എൻട്രി. സ്കാനിംഗ്, കാർഡ് പ്രിന്റിംഗ് തുടങ്ങിയ ജോലികൾ വിവിധഘട്ടത്തിലാണ്. 7,500 അപേക്ഷകളിൽ സമർപ്പിച്ച രേഖകളുടെ അപര്യാപ്തതമൂലം അപേക്ഷകരുമായി കത്തിടപാടുകൾ നടത്തിവരികയാണ്. 1400 അപേക്ഷകൾ അർഹതയില്ലാത്തതുകാരണം നിരസിക്കപ്പെട്ടിട്ടുണ്ട്.

(സി) പ്രവാസി ക്ഷേമബോർഡിന്റെ പദ്ധതികളെക്കുറിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങളിലൂടെ നടത്തിവരുന്നു. കൂടാതെ പദ്ധതിയുടെ മുഴുവൻവിവരങ്ങളും www.pravasiwelfarefund.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അടങ്ങുന്ന ബ്രോഷർ പ്രവാസികൾക്കിടയിൽ വിതരണം ചെയ്തുവരുന്നു. പ്രവാസി കേരളീയ ക്ഷേമനിധിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ ആനുകൂല്യ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. 60 വയസ്സ് പൂർത്തിയാക്കിയവരും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ള അംഗത്തിന് മരണം സംഭവിച്ചാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.

3. അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.

4. അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

LIBRARY ARCHIVES Kerala Legislative Assembly

5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം, വായ്പ.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം, വായ്പ.

9. പ്രവാസജീവിതംകഴിഞ്ഞു മടങ്ങിവരുന്നവർക്ക് സ്വയംതൊഴിൽ ധനസഹായം, വായ്പ.

(ഡി) പ്രവാസി കേരളീയർ (വിദേശം) അംഗങ്ങളെ പ്രതിനിധീകരിക്കുന്ന ക്ഷേമനിധി ബോർഡിന്റെ രണ്ട് ഡയറക്ടർമാർ വിദേശ മലയാളികൾക്കിടയിലും പ്രവാസി മലയാളി സംഘടനകൾക്കിടയിലും ക്ഷേമനിധിയെ സംബന്ധിച്ച പ്രചാരണം നടത്തുന്നതിന് നേതൃത്വം നൽകുന്നുണ്ട്. കൂടാതെ പല ആവശ്യങ്ങൾക്കായി പ്രധാനമായും വിദേശത്തുള്ള മലയാളികൾ നോർക്ക വകുപ്പിന്റേയും നോർക്ക റൂട്ട്സിന്റേയും വെബ്സൈറ്റുകൾ സന്ദർശിക്കുന്നുണ്ട് എന്നതിനാൽ ഈ രണ്ടു വെബ്സൈറ്റുകളിലും ക്ഷേമനിധിയെപ്പറ്റിയുള്ള മാർഗ്ഗരേഖകൾ അനായാസമായി ശ്രദ്ധയിൽപ്പെടുന്നരീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശബരിമലയിലെ പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ചുള്ള അന്വേഷണം

23 (*22) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ തീർത്ഥാടനകാലത്ത് ശബരിമലയിലെ പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത സംഭവത്തോടനുബന്ധിച്ച് നടക്കുന്ന അന്വേഷണത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ടേംസ് ഓഫ് റഫറൻസായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly